# 16. അന്താരാഷ്ട്രീയ ഭൂ-ജൈവമണ്ഡല-പഠനം

ചില പ്രശ്നങ്ങൾ വ്യക്തിതലത്തിൽ പരിഹാരം കാണേണ്ടവയാണ്. നിങ്ങൾക്ക് വയററിൽ വേദനയുണ്ടെങ്കിൽ, അതു മാറാൻ നിങ്ങൾ തന്നെ മരുന്നു കഴിച്ചേ മതിയാവൂ. എന്നാൽ, മററു ചില പ്രശ്നങ്ങൾ പരിഹരിക്കാൻ കൂടുതൽ വിപുലമായി, സാമൂഹ്യതലത്തിൽ, പ്രയത്നം ആവശ്യമാണ്. പകർച്ചവ്യാധികൾ തടയുന്നതിന്, രോഗികളായ വ്യക്തികളുടെ ചികിത്സയോടൊപ്പം, സമൂഹത്തിൽ വ്യാപകമായ ശുചീകരണവും സംരക്ഷിത-ജലവിതരണവും നടപ്പിൽ വരുത്തണമല്ലോ. ദേശീയതലത്തിൽ പരിഹാരം കാണേണ്ടവയാണ് ദാരിദ്ര്യംപോലെയുള്ള ചില പ്രശ്നങ്ങൾ. മററു ചില പ്രശ്നങ്ങളാകട്ടെ ആഗോളതലത്തിൽ പഠനവും പരിഹാരവും ആവശ്യപ്പെടുന്നു.

ആഗോളതലത്തിൽ, അന്താരാഷ്ട്രീയ-അടിസ്ഥാനത്തിൽ, പഠനം ആവശ്യമായി വന്നിട്ടുള്ള ഒരു പ്രശ്നമാണ് 'ആസിഡ് മഴ.' വ്യവസായങ്ങൾക്കും ഗതാഗതത്തിനുമായി വലിയ തോതിൽ എണ്ണയും കൽക്കരിയും കത്തിക്കുന്നതുനിമിത്തം വായുമണ്ഡലത്തിൽ കാർബൺഡൈ-ഓക്സൈഡ് എന്ന വാതകം നിറയുന്നു. ഈ വാതകം കലർന്നു ദുഷിച്ച മഴവെള്ളം തട്ടുമ്പോൾ സസ്യങ്ങൾ കരിഞ്ഞുപോകുന്നു. ആസിഡ്മഴ കാരണം യൂറോപ്പിലെ മരങ്ങൾ വലിയ തോതിൽ നശിച്ചുകൊണ്ടിരിക്കുകയാണ്. ജർമനിയിലെ മരങ്ങളിൽ പകുതിയും ഉണങ്ങിക്കഴിഞ്ഞുവത്രേ. ഇതു് അവിടെ ഒരു ദേശീയ വിപത്തായി പരിഗണിക്കപ്പെടുന്നു. ഒരു രാജ്യത്തു നിർമിക്കപ്പെടുന്ന കാർബൺഡൈ-ഓക്സൈഡ് കലർന്ന മഴ മറെറാരു രാജ്യത്തു വീണുകൂടെന്നില്ല. അതിനാൽ, ആസിഡ് മഴ എന്ന പ്രശ്നം അന്താരാഷ്ട്രീയ തലത്തിൽ പഠിക്കപ്പെടുകയും പരിഹരിക്കപ്പെടുകയും വേണം.

വായുമണ്ഡലത്തിൽ കാർബൺഡൈ-ഓക്സൈഡ് വർദ്ധിച്ചു വരുന്നതു നിമിത്തമുണ്ടാവുന്ന മറെറാരു ആഗോള പ്രതിഭാസമാണ് 'ഗ്രീൻ ഹൗസ് പ്രഭാവം.' ഓക്സൈഡും മററു ചില വാതകങ്ങളും കലർന്ന വായു ഒരു കരിമ്പടപ്പുതപ്പുപോലെ ഭൂമിയെ പൊതിയുമ്പോൾ, സൂര്യനിൽനിന്നു ഭൂമിക്കു കിട്ടുന്ന ചൂട് ബാഹ്യാകാശത്തിലേക്കു രക്ഷപ്പെടാതാവുന്നു. ഭൂമിയിലെ വായുമണ്ഡലത്തിനു ചൂടേറിവരികയാണ് ഇതിന്റെ ഫലം. 'ഗ്രീൻ ഹൗസ് പ്രഭാവം' എന്നു വിളിക്കുന്നതു് ഈ താപവർദ്ധനയെ ആണ്. ഈ പ്രതിഭാസം നിമിത്തം, ഇക്കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ലോകത്തെങ്ങുമുള്ള താപനില, അതിനു പത്തുവർഷത്തിൽ ഉണ്ടായിരുന്നതിനേക്കാൾ അരഡിഗ്രി വർദ്ധിച്ചിട്ടുണ്ടത്രേ. ഈ നിലയിൽ താപവർദ്ധന തുടർന്നാൽ, ഇനി ഒരു നൂററാണ്ടു കഴിയുമ്പോഴേക്കു ഭൂമിയിൽ താപനില ഇന്നത്തേതിനേക്കാൾ പത്തു ഡിഗ്രി കൂടുതലായിരിക്കും. അതു് ആപല്ക്കരമാണ്. കാരണം, ചൂട് അത്രയും വർദ്ധിച്ചാൽ ധ്രുവപ്രദേശത്തെ കട്ടി മഞ്ഞു് ഉരുകും; കടലുകളിൽ വെള്ളം പൊങ്ങും; താഴ്ന്ന കരപ്രദേശങ്ങൾ പലതും മുങ്ങിപ്പോകും; ഭൂമിയിലെ കാലാവസ്ഥ ആകെ തകരാറിലാകും; ജീവിതത്തിനു പുതിയ പല ഭീഷണികളും ഉളവാകും.

കാർബൺഡൈ-ഓക്സൈഡ് ആണല്ലോ സസ്യങ്ങളുടെ ഭക്ഷണം. വായുവിൽ കാർബൺഡൈ-ഓക്സൈഡ് വർദ്ധിക്കുന്ന തോതിനു ഭൂമി

യിൽ സസ്യങ്ങരം വർദ്ധിക്കുകയും, അധികമുള്ള കാർബൺഡൈ–ഓക്സൈഡ് വാതകത്തെ ഈ വർദ്ധിച്ച സസ്യങ്ങരം വിഴുങ്ങുകയും ചെയ്യുമോ? താപം വർദ്ധിക്കുന്ന തോതിന്, കാർബൺഡൈ–ഓക്സൈഡിനെ തന്നിൽ അലിയിപ്പിക്കുവാനുള്ള കടൽവെള്ളത്തിന്റെ കഴിവ് കുറഞ്ഞുവരും. ഇതു ജീവമണ്ഡലത്തെ എങ്ങനെ ബാധിക്കും?

ആഗോളതലത്തിൽ പഠനം നടത്തേണ്ട ഇത്തരം പ്രശ്നങ്ങരം വേറെയുമുണ്ട്. അണ്വായുധഭീഷണി, പരിസരമലിനീകരണം, വനവിധ്വംസനം, മണ്ണൊലിപ്പ്, ജലമലിനീകരണം, ജനസംഖ്യാസ്ഫോടനം, പുനരുല്പാദിപ്പിക്കാൻ കഴിയാത്ത വിഭവങ്ങളുടെ അമിതചൂഷണം—അങ്ങനെ ഈ പ്രശ്നങ്ങളുടെ പട്ടിക നീണ്ടുനീണ്ടു പോകുന്നു. ഈ പ്രശ്നങ്ങളിൽ പലതും ഇപ്പോരംത്തന്നെ ആപൽക്കരങ്ങളായി വളന്നിട്ടുണ്ടെന്നും, ഉടൻ പരിഹാരം കാണാത്തപക്ഷം അവ മനുഷ്യവർഗത്തെ മാത്രമല്ല ഭൂമിയിലെ ജീവമണ്ഡലത്തെ ആകെത്തന്നെ മാരകമായി ബാധിച്ചേക്കാമെന്നും കരുതുന്നവർ കുറവല്ല.

1957–58–ൽ അറുപത്തിയേഴ് രാജ്യങ്ങളിലെ ശാസ്ത്രജ്ഞർ സഹകരിച്ച് ഒരു കൊല്ലക്കാലം ഭൂ–ഭൗതികപ്രതിഭാസങ്ങളുടെ പഠനം നടത്തുകയുണ്ടായി. 'അന്താരാഷ്ട്ര–ഭൂ–ഭൗതിക-വർഷം' (ഐ. ജി. വൈ.) എന്ന പേരിൽ അറിയപ്പെടുന്ന ഈ പഠനങ്ങളുടെ മാതൃകയിൽ, അന്താരാഷ്ട്രീയ–ഭൂ–ജൈവമണ്ഡല–പ്രശ്നങ്ങളുടെ രണ്ടു വഷം നീണ്ടുനിൽക്കുന്ന ഒരു പഠനം (ഇൻറർനാഷനൽ ജിയോ–ബയോസ്ഫിയർ പ്രോജക്ട്–ഐ. ജി. ബി. പി.) നടത്തുന്നതിനുള്ള ഒരു പദ്ധതി, 1984 സെപ്തംബറിൽ, കാനഡയിലെ ഒട്ടാവാനഗരത്തിൽ സമ്മേളിച്ച ശാസ്ത്രീയ യൂണിയനുകളുടെ അന്താരാഷ്ട്ര കൗൺസിൽ (ഐ. സി. എസ്. യു.) തയ്യാറാക്കിയിട്ടുണ്ട്. അമേരിക്കയിലെ ദേശീയ–ശാസ്ത്ര–അക്കാദമി (എൻ. എ. എസ്) ഈ പദ്ധതിക്കു ശക്തമായ പിൻതുണ അടുത്തകാലത്തു നൽകുകയുണ്ടായി. സോവിയററ് ചേരിയിൽപെട്ട രാഷ്ട്രങ്ങരംക്കും ഈ പഠനത്തിൽ താല്പര്യമുണ്ട്. ജൈവമണ്ഡലത്തെ സംബന്ധിച്ച ഒരു സമ്മേളനം അടുത്ത മാർച്ച്മാസത്തിൽ സോവിയററ് പരിസ്ഥിതിമന്ത്രാലയം വിളിച്ചുകൂട്ടുന്നുണ്ട്. സംഭവഗതികരം ഇന്നത്തെ നിലയ്ക്കു മുന്നോട്ടുപോയാൽ, അന്താരാഷ്ട്രീയ ഭൂ–ജൈവമണ്ഡലപഠനം 1986–ൽ യാഥാർത്ഥ്യമായിക്കൂടെന്നില്ല. 'ജൈവമണ്ഡലം' എന്ന പേരിൽ അറിയപ്പെടുന്ന ആഗോള–ജീവസന്ധാരണ-വ്യവസ്ഥയിലെ ജൈവ–ഭൗമ–രാസ–ചക്രങ്ങളെക്കുറിച്ചും, സൗരമണ്ഡലപ്രതിഭാസങ്ങളുടെ ആവത്തനചക്രങ്ങളെക്കുറിച്ചും, ഭൂമിയുടെ അകത്തും പുറത്തും, കടലിലും, വായുമണ്ഡലത്തിലും നടക്കുന്ന പ്രവത്തനങ്ങളെക്കുറിച്ചും മനുഷ്യർ ഇന്നോളം നേടിയിട്ടുള്ളതു തുച്ഛമായ അറിവു മാത്രമാണ്. അജ്ഞതയുടെ ഈ മേഖലയിൽ അഭൂതപൂർവമായ പ്രകാശം നിറയ്ക്കാൻ അതിവിപുലമായ തോതിൽ നടത്തപ്പെടുന്ന അന്താരാഷ്ട്രീയ ഭൂ–ജൈവമണ്ഡല–പഠനം ഉപകരിക്കുമെന്നാണു ശാസ്ത്രജ്ഞർ പ്രതീക്ഷിക്കുന്നതു്.

പഠനസൗകര്യത്തിനുവേണ്ടി വിജ്ഞാനത്തെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നെല്ലാം നാം വിഭജിച്ചിട്ടുണ്ടെങ്കിലും, ഇന്നു നമ്മെ നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങരം ഇങ്ങനെ വകതിരിച്ചു പഠിക്കാവുന്നവയല്ല. അവ ഭൂമിയിലോ വെള്ളത്തിലോ വായുമണ്ഡലത്തിലോ ഒതുങ്ങിനിൽക്കുന്നുമില്ല. എല്ലാ വിജ്ഞാനശാഖകളെയും സമന്വയിച്ചുകൊണ്ടുള്ള ഒരു സമഗ്രസമീപനംകൊണ്ടേ ഈ പ്രശ്നങ്ങളെ നേരിടാൻ കഴിയൂ. കാർബൺ, നൈട്രജൻ, ഫോസ്ഫറസ്, സംഫർ മുതലായ മർമ പ്രാധാന്യമുള്ള ജീവ–പോഷകവസ്തുക്കളുടെ ജൈവ–ഭൗമ–രാസചക്രങ്ങളെ കേന്ദ്രീകരിച്ച്, ജൈവശാസ്ത്രങ്ങളിലും രസതന്ത്രത്തിലും ഊന്നൽ നൽകിയുള്ള

പാനങ്ങളായിരിക്കും അന്താരാഷ്ട്രീയ ഭ്രൂ–ജൈവമണ്ഡല–പഠനകാല ത്തു മുഖ്യമായും നടത്തുക. ഭൂമിയിൽ ജീവൻ നിലനിൽക്കുകയും വികസിക്കുകയും ചെയ്യുന്നതിനു കാരണമായ പാരിസ്ഥിതിക വ്യവസ്ഥിതിയെപ്പററി കൂടുതൽ ഉരംക്കാഴ്ച നേടാൻ ഈ പഠനങ്ങരം ഉപകരിക്കുമെന്നാണു പ്രതീക്ഷ. ഈ പഠനങ്ങളുടെ ഫലം ക്രോഡീകരിച്ചുകിട്ടാൻ പിന്നീട് ഇരുപതോ മുപ്പതോ വർഷങ്ങളിലെ നിരന്തരപ്രയത്നം ആവശ്യമായി വരും.

ഇത്തരമൊരു സമഗ്രപഠനത്തിന് ആവശ്യമായ ഉപകരണങ്ങരം ഇതിനകം മനുഷ്യർ നേടിക്കഴിഞ്ഞിട്ടുണ്ട്. അന്തരീക്ഷത്തിൽ ചുററിക്കറങ്ങുന്ന ഉപഗ്രഹങ്ങരം മനുഷ്യനു ദിവ്യദൃഷ്ടിയും ദൂരദൃഷ്ടിയും നൽകിയിരിക്കുന്നു. കടലിലെ തിരകരം, ഒഴുക്കുകരം, കടൽജലത്തിന്റെ രാസസവിശേഷതകരം, ആഴക്കടലിലെ പ്രതിഭാസങ്ങരം, വായുപ്രവാഹങ്ങരം, കാലാവസ്ഥാവ്യതിയാനങ്ങരം എന്നിവ മാത്രമല്ല, ഭൂമിയിലെ സസ്യവളർച്ച, സസ്യരോഗങ്ങരം, മണ്ണൊലിപ്പ്, വനനാശം, മരുവത്ക്കരണം, ഭൂമിക്കടിയിലെ ജല–ധാതു–സമ്പത്ത് മുതലായവയും ഉപഗ്രഹങ്ങളിലൂടെ നിരീക്ഷിച്ചറിയാമെന്നു വന്നിരിക്കുന്നു. വായുമണ്ഡലത്തിന്റെ ഭൗതികവും രസതന്ത്രവും പഠിക്കാൻ ഇപ്പോരംത്തന്നെ വേണ്ടത്ര സൗകര്യമുണ്ട്. ബാഹ്യാന്തരീക്ഷത്തിൽ സ്ഥിരമായ പഠനകേന്ദ്രങ്ങളും ലാബറട്ടറികളും സ്ഥാപിക്കുന്നതോടെ, (1990–കളിൽ ഈ പദ്ധതി നടപ്പിൽ വരും.) ആഗോളപഠനങ്ങരംക്ക് ആവശ്യമായ ഉപാധികളെല്ലാം ഒരുങ്ങിക്കഴിയും.

ആയിരക്കണക്കിനു ശാസ്ത്രജ്ഞർ പല മേഖലകളിൽ സംഭരിക്കുന്ന വിജ്ഞാനശകലങ്ങരം ശേഖരിച്ചു സമന്വയിച്ച്, അർത്ഥപൂർണമായ അറിവായി മാററാൻ ഉതകുന്ന കമ്പ്യൂട്ടറുകളുടെ വികസനമാണ് അന്താരാഷ്ട്രീയ ഭൂ-ജൈവമണ്ഡല–പഠനത്തെ പ്രായോഗിക പദവിയിലെത്തിച്ച മറെറാരു അനുകൂലവസ്തുത.

ഈ മാതിരിയൊരു സമഗ്രപഠനത്തിനു പ്രതിബന്ധങ്ങളും കുറവല്ല. ലോകരാഷ്ട്രങ്ങരം രണ്ടു ചേരികളായിത്തിരിഞ്ഞുനിന്നു യുദ്ധസന്നാഹങ്ങരം വർദ്ധിപ്പിക്കുന്ന ഇന്നത്തെ രാഷ്ട്രീയകാലാവസ്ഥ ശാസ്ത്രീയ സഹകരണത്തെ ഒരുവിധത്തിലും പ്രോത്സാഹിപ്പിക്കുന്നില്ല. ഏതു് അറിവും നിർമാണത്തിനെന്നപോലെ സംഹാരത്തിനും ഉപയോഗപ്പെടുത്താമല്ലോ. ഖനിജവിഭവങ്ങരം, വിളവുകരം മുതലായവ സംബന്ധിച്ച വിവരങ്ങരം രഹസ്യമായിവയ്ക്കാനാണ് ഓരോ രാഷ്ട്രവും ആഗ്രഹിക്കുന്നതു്. ഉപഗ്രഹങ്ങളെ ഉപയോഗിച്ചുള്ള പഠനങ്ങരം ചാരവൃത്തിക്ക് ഇപ്പോരംത്തന്നെ ഉപകരിക്കുന്നുണ്ട്. ഇനിയങ്ങോട്ട് ഇവ 'നക്ഷത്രയുദ്ധ' സന്നാഹങ്ങരംക്കും ഉപകരിച്ചുകൂടായ്കയില്ല. ശത്രുതയുടേതും സംശയത്തിന്റേതുമായ രാഷ്ട്രീയ കാലാവസ്ഥ ശാസ്ത്രീയസഹകരണത്തെ എത്രമാത്രം അനുകൂലിക്കും?

അന്താരാഷ്ട്രീയ ഭൂജൈവമണ്ഡലപഠനത്തിന് ആവശ്യമായ പണം ശേഖരിക്കുകയെന്നതും പ്രശ്നമായിരിക്കും. ഒരു മിനിററിൽ പതിനഞ്ചു ലക്ഷം ഡോളർ എന്ന തോതിലാണത്രെ ഇപ്പോരം വൻശക്തികരം ആയുധസംഭരണത്തിനു പണം ചെലവഴിക്കുന്നതു്. ഭൂമിയിൽ ജീവിതം അസാദ്ധ്യമാക്കുന്നതിനുള്ള തയ്യാറെടുപ്പിനുവേണ്ടി ചെലവഴിക്കുന്ന ഈ പണത്തിലൊരു ഭാഗം, ഭൂമിയിൽ ജീവമണ്ഡലത്തിന്റെ തുടർന്നുള്ള നിലനിൽപ്പ് സാദ്ധ്യമാക്കുന്നതിനുവേണ്ടിയുള്ള പഠനങ്ങരംക്കായി മാററിവയ്ക്കാൻ ആവശ്യമായ വിവേകം വൻശക്തികരംക്ക് (അവയെ നിയന്ത്രിക്കുന്ന രാഷ്ട്രീയപ്രവർത്തകർക്ക്) ഉണ്ടാകുമോ? കണ്ടുതന്നെ അറിയണം.

നടപ്പിൽ വരുകയാണെങ്കിൽ അന്താരാഷ്ട്രീയ ഭൂ–ജൈവമണ്ഡല പഠനം ഇന്ത്യയെപ്പോലുള്ള ദരിദ്രരാജ്യങ്ങളിൽ അഭൂതപൂർവമായ ശാസ്ത്രീയാഭിവൃദ്ധിക്കു പ്രേരകമായിത്തീരും. അന്യഥാ ലഭിക്കുമെന്നു പ്രതീക്ഷിച്ചുകൂടാത്ത അവസരങ്ങളായിരിക്കും പിൻനില രാജ്യങ്ങളിലെ ശാസ്ത്രജ്ഞർക്കു് ഇത്തരമൊരു അന്താരാഷ്ട്രീയ സംരംഭത്തിലൂടെ കൈവരിക. താൻ ജീവിക്കുന്ന പരിസരത്തെയും തന്നെയുംപററി കൂടുതൽ തീവ്രമായ ബോധം മനുഷ്യനു കൈവരുത്താൻ ഈ പഠനം ഉപകരിക്കും.

പക്ഷേ, മുൻകൈ എപ്പോഴും, എവിടെയും, ദീർഘവീക്ഷണമുള്ള ശാസ്ത്രജ്ഞർക്കല്ല, ഹ്രസ്വദൃഷ്ടികളായ രാഷ്ട്രീയക്കാർക്കാണു്. അതാണു കുഴപ്പം.

(7 ഫെബ്രുവരി, 1985)

# 17. 1986: അന്താരാഷ്ട്രീയ സമാധാനവർഷം

രാഷ്ട്രങ്ങൾക്കിടയിൽ സമാധാനവും സുരക്ഷിതത്വവും നിലനിർത്തുന്നതിനും ഈ ലക്ഷ്യം നേടുന്നതിനു് ആവശ്യമായ രാഷ്ട്രീയ–സാമ്പത്തിക–സാമൂഹ്യ സാഹചര്യങ്ങൾ നിലവിൽ വരുത്തുന്നതിനായി പരസ്പരം സഹകരിക്കുന്നതിനും പ്രതിജ്ഞചെയ്തിട്ടുള്ള രാഷ്ട്രങ്ങളുടെ ഒരു കൂട്ടായ്മയാണു് ഐക്യരാഷ്ട്രസമിതി. 1945 ഒക്ടോബർ 24-ാം തീയതിയാണു് ഐക്യരാഷ്ട്രസമിതി ഔപചാരികമായി ജന്മമെടുത്തതു്. 1985 ഒക്ടോബറിൽ ഐക്യരാഷ്ട്രസമിതിയുടെ നാല്പതാം പിറന്നാൾ ആഘോഷിക്കപ്പെടുന്നതായിരിക്കും.

'നമ്മുടെ ആയുഷ്കാലത്തിനിടയ്ക്കുതന്നെ രണ്ടുതവണ മനുഷ്യവർഗത്തിനു വിവരിക്കാനാവാത്ത ദുഃഖം വരുത്തിവെച്ച യുദ്ധമെന്ന ശാപത്തിൽനിന്നു് വരും തലമുറകളെ രക്ഷിക്കുക' എന്നതാണു് ഐക്യരാഷ്ട്രസമിതിയുടെ ചാർട്ടറിൽ നിർവചിച്ചിട്ടുള്ള മുഖ്യലക്ഷ്യം. ഈ ലക്ഷ്യം ഇന്നും എത്രയോ വിദൂരത്തിൽ വർത്തിക്കുന്നതേയുള്ളൂ. ഐക്യരാഷ്ട്ര സമിതി സ്ഥാപിച്ചതിനുശേഷം, അതിലെ അംഗരാഷ്ട്രങ്ങൾതന്നെ ഉൾപ്പെട്ട പല യുദ്ധങ്ങളും ലോകത്തിന്റെ പല ഭാഗങ്ങളിലും നടക്കുകയുണ്ടായി. ലെബനോനിൽ ഇസ്രയേലികളും അറബികളും തമ്മിലും, മധ്യപൗരസ്ത്യ പ്രദേശത്തു് ഇറാനികളും ഇറാഖികളും തമ്മിലുമുള്ള സമരം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണു്. വിയറ്റ്നാമിന്റെ ഇടപെടലോടുകൂടി ഒരു ആഭ്യന്തരയുദ്ധം കമ്പൂച്ചിയയിൽ നടന്നുവരുന്നു. മധ്യഅമേരിക്കയിലും ആഫ്രിക്കയിലും ഏഷ്യയിലുമുള്ള പല രാജ്യങ്ങളിലും ആഭ്യന്തരയുദ്ധത്തിന്റേതായ കാലാവസ്ഥ നിലനില്ക്കുന്നു, ജനാധിപത്യാവകാശങ്ങൾ മുഴുവൻ ഉല്ലംഘിക്കുന്ന പട്ടാള–ഏകാധിപത്യ–ഭരണങ്ങളാണു് പല രാജ്യങ്ങളിലും.

മൂന്നാംലോകമഹായുദ്ധം ഇനിയും തിരശ്ശീലനീക്കി അരങ്ങത്തു് എത്തിയിട്ടില്ല എന്നതു് ആശ്വാസകരംതന്നെ. എങ്കിലും സമാധാനകാലാവസ്ഥ ഇപ്പോഴും മനുഷ്യവർഗത്തെ അനുഗ്രഹിക്കുന്നില്ല. യുദ്ധഭീതി എല്ലാ രാഷ്ട്രങ്ങളെയും ഗ്രസിച്ചിരിക്കുന്നു. രാഷ്ട്രങ്ങൾക്കിടയിൽ ഉഗ്രമായ സംഘർഷം നിലനിന്നുവരുന്നു. ഫലമോ? മൊത്തം ദേ